IJCRT.ORG ISSN : 2320-2882
INTERNATIONAL JOURNAL OF CREATIVE RESEARCH THOUGHTS (IJCRT)
An International Open Access, Peer-reviewed, Refereed Journal

# The Unseen Sides Of Mercury

Dr Shaijy C Muringathery
Associate Professor & HOD
Little Flower college
Guruvayoor

**Abstract**

Magical realism is a genre of fiction that combines magical elements with realistic depictions of the world. It is a genre of literature that does not follow a conventional narrative structure that maintains a clear beginning, middle, and end. a literary form of fiction that contains considerable realistic detail, as distinct from magic and fantasy. Here magical or supernatural phenomena are presented in or against the real world. The term magical realism was first used in 1925 by the German artist Franz Roh.ram Care of Anandi Lord Akhil P Dharmajan's novel "Mercury Island-The End of the World-" written in the backdrop of the Bermuda Triangle, which has created a mystery in the real world and is still standing today, captures the readers and brings them to the peak of suspense The purpose of this paper is to provide background to the study.

**Keywords**

Suchlichkeite, Bermuda Triangle, Mayan Civilization, Delusion, Mercury Island, Methane Gas, Aliens, Devils Triangle, Marmmadweep, Mother Earth

സാഹിത്യം മനുഷ്യന്റെ ചിന്തകളെയും സമൂഹത്തിന്റെ അവസ്ഥകളെയും പ്രതിഫലിപ്പിക്കുന്ന ശക്തമായ മാധ്യമമാണ്. മെർക്കുറി ഐലന്റ് -ലോകാവസാനം എന്ന നോവൽ ശാസ്ത്രത്തിന്റെ വളർച്ചയും അതിന്റെ ദോഷഫലങ്ങളും അവതരിപ്പിക്കുന്ന സാഹിത്യകൃതിയിൽ മനുഷ്യന്റെ അമിതമായ ശാസ്ത്രീയ പരീക്ഷണങ്ങൾ എങ്ങനെ പ്രകൃതിയെയും മനുഷ്യജീവിതത്തെയും ബാധിക്കുന്നു എന്നതാണ് കേന്ദ്രവിഷയം.

സാധാരണമായ കഥാപശ്ചാത്തലത്തിൽ അത്ഭുതകരമായ കഥാസന്ദർഭ ങ്ങൾ പ്രത്യക്ഷപ്പെടുന്നതിനെയാണ് മാജിക്കൽ റിയലിസം എന്ന് പറയുന്നത്.' ഫാന്റസിയും മിത്തും ദൈനംദിന യാഥാർത്ഥ്യത്തോട് സങ്കലനം ചെയ്യുമ്പോഴാണ് മാജിക്കൽ റിയലിസം സൃഷ്ടിക്കപ്പെടുന്നത്'1. ഇവിടെ മാന്ത്രികമോ അമാനുഷികമോ ആയ പ്രതിഭാസങ്ങൾ യഥാർത്ഥലോകത്തിലോ അതിന്റെ പശ്ചാത്തലത്തിലോ അവതരിപ്പിക്കപ്പെടുന്നു. ലോകത്തെക്കുറിച്ചുള്ള യാഥാർത്ഥ്യ ബോധത്തെ വരച്ചു കാട്ടുന്നതിനൊപ്പം മാന്ത്രികഘടക ങ്ങൾ കൂടി ചേർന്നുനിൽക്കുന്ന ഒരു ഫിക്ഷൻ സാഹിത്യവിഭാഗമാണ് മാജിക്കൽ റിലിസം. മാജിക്കിൽ നിന്ന് വ്യത്യസ്തമായി മാജിക്കൽ റിയലിസം വികാരങ്ങൾ പ്രകടിപ്പിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നു. മാജിക്കൽ റിയലിസം ഗണ്യമായ അളവിലുള്ള റിയലിസ്റ്റിക് വിശദാംശങ്ങൾ ഉപയോഗിക്കുന്നതിനാൽ തന്നെ മാജിക്കിൽ നിന്നും ഫാന്റസിയിൽ നിന്നും വ്യത്യസ്തമായ ഒരു വിഭാഗമായി അതിനെ കണക്കാക്കപ്പെടുന്നു. 1920കളിലെ ജർമൻ, ഇറ്റാലിയൻ പെയിന്റിങ് ശൈലിയാണ് ഈ പദരൂപീകരണത്തിന് സ്വാധീനിച്ചത്. 'മാജിക് റിയലിസം' എന്ന പദം 1925-ൽ ജർമൻ കലാനിരൂപകൻ ഫ്രാൻസ് റോ തന്റെ നാച്ച് എക്സ് പ്രഷനിസ്മസ് : മാജിഷർ റിയലിസ്മസ് (Nach Expressionismus: Magischer Realismus) എന്ന പുസ്തകത്തിൽ ആണ് ആദ്യമായി ഉപയോഗിച്ചത്. ജർമ്മനിയിൽ പ്രചരിച്ചിരുന്ന ചിത്രകലയുടെ ഒരു ശൈലിയായ 'ന്യൂ സച്ളിച്കൈറ്റ് അഥവാ ന്യൂ ഒബ്ജക്റ്റിവിറ്റി'യെ വിവരിക്കാ നാണ് അദ്ദേഹം ഈ പദം ഉപയോഗിച്ചത്. മറ്റ് സാഹിത്യവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി മാജിക്കൽ റിയലിസം വ്യക്തമായ തുടക്കവും, മധ്യവും, അവസാനവും കാത്തു സൂക്ഷിക്കാത്തതിനാൽ തന്നെ സാധാരണ ആഖ്യാനകമാനത്തെ പിന്തുടരുന്നില്ല. എപ്പോഴാണ് കഥയുടെ ഇതിവൃത്തം മുന്നേറുന്നത് എന്നോ സംഘർഷങ്ങൾ സംഭവി ക്കുന്നത് എന്നോ വായനക്കാരന് അറിയാത്തതിനാൽ തന്നെ ഇത് കൂടുതൽ തീവ്രമായ വായനാ നുഭവം വായനക്കാരന് പ്രധാനം ചെയ്യുന്നു. അതിനാൽ തന്നെ മറ്റു സാഹിത്യ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി വായനക്കാരെ പിടിച്ചിരുത്താനും ആകാംക്ഷയുടെ കൊടുമുടികളിൽ എത്തിക്കാനും മാജിക്കൽ റിയലിസ്റ്റിക് കൃതികൾക്ക് സാധിക്കുന്നു. പ്രകൃത്യതീതമായ അംശങ്ങ ളുടെയും മാന്ത്രികമായ കൽപ്പനകളുടെയും അന്തരീക്ഷത്തിൽ ജീവിതസത്യങ്ങളെ അവതരിപ്പിക്കുന്നതാണ് മാജിക്കൽ റിയലിസം. മാജിക്കൽ റിയലിസം തന്റെ കൃതികളിൽ ഉൾച്ചേർത്ത ലാറ്റിനമേരിക്കൻ സാഹിത്യകാരനാണ് ഗബ്രിയേൽ ഗാർസിയ മാർക്വേസ്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതിയാണ് ഏകാന്തതയുടെ നൂറ് വർഷങ്ങൾ. (ഛില ഔിറൃലറ ഥലമൃ ൌഛള ടൗേറലി)േ

കൊളംബിയയിലെ സാങ്കല്പിക നഗരമായ മാക്കോണ്ടയുടെ നൂറുവർഷത്തെ ചരിത്രമാണ് ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്. മാക്കോ ണ്ടയിലേക്ക് ജിപ്സികൾ കൊണ്ടുവന്ന പലനിറമുള്ള തത്തകൾ ഇറ്റാലിയൻ ഗാനങ്ങൾ പാടുന്നതും, തമ്പുരുവിന്റെ നാദത്തിനൊത്ത് കോഴി നൂറു മുട്ടയിടുന്നതും എല്ലാം ഏകാന്തതയുടെ നൂറ് വർഷത്തിൽ വിവരിച്ചിരിക്കുന്നു. ഗബ്രിയേൽ ഗാർസിയ മാർകേ്വസിന് പുറമേ ഇസബെൽ അലെൻഡെ, ജോർജ് ലൂയിസ് ബോർജസ്, ജുവാൻ റൂൾഫോ, മിഗ്വൽ എയ്ഞ്ചൽ അസ്റ്റ്യൂറിയാസ്, എലീന ഗാരോ, മിറേയ റോബിറേസ് തുടങ്ങിയവരെല്ലാം മാജിക്കൽ റിയലിസത്തിന്റെ പ്രധാന പ്രോക്താക്കളാണ്. യഥാർത്ഥലോകത്ത് നിഗൂഢത സൃഷ്ടിച്ച് ഇന്നും നിലകൊള്ളുന്ന ബർമൂഡ ട്രയാങ്കിളിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട റാം കെയർ ഓഫ് ആനന്ദി കർത്താവായ അഖിൽ പി ധർമ്മജന്റെ "മെർക്കുറി ഐലൻഡ്-ലോകാവസാനം-" എന്ന നോവലിനെ മാജിക്കൽ റിയലിസത്തിന്റെ പശ്ചാത്തല ത്തിൽ പഠന വിധേയമാക്കാൻ ആണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ബർമൂഡ ട്രയാങ്കി ളിന്റെ ചുഴിയാഴങ്ങൾക്കപ്പുറം അത്ഭുതകരമായ കഥാസന്ദർഭങ്ങളിലൂടെ ഫാന്റസിയും മിത്തും ഇടകലർത്തി മാജിക്കൽ റിയലിസത്തിന്റെ മായിക വലയത്തിലൂടെ അദ്ദേഹം കെട്ടിപ്പടുത്ത മെർക്കുറിയുടെ കാണാപ്പുറ ങ്ങൾ തേടി യാണ് ഈ പ്രബന്ധത്തിന്റെ യാത്ര.

അമേരിക്കയിലെ ഫ്ലോറിഡയിലെ പ്രമുഖ ഇന്ത്യൻ കോളേജിന്റെ പശ്ചാത്തലത്തിലാണ് കഥ തുടങ്ങുന്നത്. കോളേജിലെ കുട്ടികളുടെയും സഹപ്രവർ ത്തകരുടെയും പ്രിയപ്പെട്ട അധ്യാപകനായ പ്രൊഫസർ നിക്കോൾ സൺ മൂന്നുമാസത്തേക്ക് ലോങ്ങ് ലീവ് എടുത്തു തന്റെ ലക്ഷ്യങ്ങൾ തേടി യാത്രയാകു ന്നതോടുകൂടിയാണ് കഥയുടെ ആരംഭം. സാഹസികത ഏറെ ഇഷ്ടപ്പെടുന്ന തങ്ങളുടെ പ്രിയപ്പെട്ട ചരിത്ര അധ്യാപകൻ എങ്ങോ ട്ടെന്നോ എന്തിനെന്നോ പറയാതെ പെട്ടെന്നൊരു ദിവസം എങ്ങോട്ടോ യാത്രയായപ്പോൾ, അദ്ദേഹത്തിന്റെ യാത്ര എങ്ങോട്ടെന്ന് കണ്ടുപിടിക്കുന്നതിനായി പൂട്ടികിടക്കുന്ന വീട്ടിലെത്തി അദ്ദേഹത്തിന്റെ പേർസണൽ ഡയറി വായിക്കുകയും അദ്ദേഹത്തിന്റെ യാത്ര എങ്ങോട്ടായിരുന്നു എന്ന് മനസ്സിലാക്കുകയും ചെയ്ത ഏഴ് സഹപാഠികളിലൂടെയും അവരെ പിന്തുടർന്നെത്തിയ അതേ കോളേജിലെ തന്നെ അധ്യാപികയും കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ടവളുമായ ജോംസി മിസ്സിലൂടെയും ആണ് കഥ പിന്നീട് മുന്നോട്ടു നീങ്ങുന്നത്. യാദൃശ്ചികമായി പൂട്ടിക്കിടക്കുന്ന വീട്ടിൽ പ്രകാശം കാണാൻ ഇടവരുകയും അതിനെ തുടർന്ന് അന്വേഷിച്ചെത്തുകയും ചെയ്ത പോലീസിന് മുന്നിൽ അകപ്പെട്ടുപോയ അവ

രെട്ടുപേരും അപ്രതീക്ഷിതമായി പ്രൊഫസറിന്റെ തിരോധാനത്തിന് കാരണക്കാരായി കുറ്റം ചുമത്തപ്പെടുന്നു. തങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ മറ്റു മാർഗങ്ങളില്ലാതെ ആഴ ക്കടലിന്റെ നിഗൂഢതയിലേക്ക് പ്രൊഫസറെ തേടി അവർക്ക് യാത്രയാക്കേണ്ടി വരുന്നു. അവരുടെ സഹായത്തിന് എത്തുന്ന രഞ്ജിത്ത് എന്ന് പറയുന്ന ചെറുപ്പക്കാരനെയും ചേർത്ത് അവർ ഒൻപത് പേരും ബർമുഡയുടെ ചുഴിയാളങ്ങളിലേക്ക് പ്രൊഫസറെ തേടി യാത്രയാകുന്നു. തുടർന്നങ്ങോട്ട് ബർമുഡ ട്രയാങ്കിളിന്റെ നിഗൂഢതയിലേക്കുള്ള യാത്ര യാണ്. മായൻ വംശജരുടെ മന്ത്രസിദ്ധിയാൽ നിർമിക്കപ്പെട്ട കൊട്ടാരത്തിൽ അനവധി പ്രതിസന്ധികൾ തരണം ചെയ്ത് എത്തിപ്പെടുന്ന അവർ ഒൻപത് പേരും പ്രൊഫസറെയും മറ്റ് മൂന്നുപേരെയും കൂടി അവിടെവെച്ച് കണ്ടുമുട്ടുകയും മാതൃകഭൂമിയുടെ ആയുസ്സ് നീട്ടിക്കൊടുത്ത് ലോകാവസാനത്തിൽ നിന്നും ഭൂമിയെ രക്ഷിക്കാൻ എത്തിയ മായൻ വംശജരുടെ പ്രതിരൂപങ്ങളാണ് തങ്ങൾ എന്ന് തിരിച്ചറിയുകയും ചെയ്യുന്നതും അതിനായി അവർ നടത്തുന്ന പോരാട്ടങ്ങളും ആണ് നോവലിന്റെ ഇതിവൃത്തം.

യാഥാർത്ഥ്യത്തോടൊപ്പം ഫാന്റസിയും മിത്തും ഇടകലർത്തി നിർമ്മിക്കപ്പെട്ട ഈ നോവലിൽ മാജിക്കൽ റിയലിസത്തിന്റെ അപൂർവ്വ സങ്കലനം നമുക്ക് കാണാനാകും. വേറിട്ട് നിൽക്കുന്ന പ്രമേയ സ്വീകരണത്തിലെ അനന്യത കൊണ്ട് യഥാർത്ഥവും അയഥാർത്ഥവുമായ തലങ്ങൾ തമ്മിലുള്ള അതിർ വരമ്പുകൾ നേർത്തുനേർത്ത് ഇല്ലാതാകുന്നത് ഈ നോവലിലൂടെ കാണാം. നിത്യ ജീവിതത്തിന്റെ യുക്തിയെ എതിർത്തുകൊണ്ട് ആകസ്മികവും വിചിത്രവുമായി കടന്നു വരുന്ന സംഭവങ്ങളെ മാജിക്കൽ റിയലിസത്തിലൂടെ വായനക്കാർക്ക് മുൻപിൽ പങ്കുവെക്കുന്ന രീതിയാണ് എഴുത്തുകാരൻ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. യാഥാർത്ഥ്യവും ഭ്രമകൽപ്പനകളും കൂട്ടിച്ചേർത്ത് കഥ പറയുന്ന ഗാർസിയാ മാർക്കേസിന്റെ രീതിയാണ് എഴുത്തുകാരനും പിന്തുടർന്നിരിക്കുന്നത്. നമ്മുടെ ലോകത്ത് ഒരിക്കലും സംഭവിക്കാൻ ഇടയില്ലാത്ത അതിശയകരമായ സംഭവങ്ങൾ നോവലിനുള്ളിൽ വളരെയേറെ സാധാരണമായി പ്രത്യക്ഷപ്പെടുന്നു. ഇന്നും നിഗൂഢമായി നിലനിൽക്കുന്ന ബർമുഡയുടെ നിഗൂഢമായ ചുഴിയാഴങ്ങൾ ക്കുള്ളിൽ മാജിക്കൽ റിയലിന്റെ മന്ത്രസിദ്ധി കൊണ്ട് ഒരിക്കലും സംഭവിക്കാൻ ഇടയില്ലാത്ത ഒരു മെർക്കുറി ഐലന്റ് നിർമ്മിക്കുകയാണ് അഖിൽ പി ധർമ്മജൻ എന്ന അതുല്യ കലാകാരൻ ഇവിടെ ചെയ്യുന്നത്. അയഥാർത്ഥമെങ്കിലും യാഥാർത്ഥ്യത്തോട് കിടപിടിക്കുന്ന മെർക്കുറി ബർമുഡയുടെ ചുഴിയാഴങ്ങൾ പോലെ വായനക്കാരന്റെ മനസ്സിലും നിഗൂഢമായ

ചുഴിയാഴങ്ങൾ സൃഷ്ടിക്കുന്നു. സത്യമേതെന്നും മിഥ്യയെതെന്നും തിരിച്ചറിയാനാവാത്ത മാജിക്കൽ റിയലിസത്തിന്റെ അപൂർവ്വ സങ്കലനം ഈ മലയാളം നോവലിലും നമുക്ക് കണ്ടെത്താം.

ഇന്നും പ്രപഞ്ചത്തിൽ ചുരുളഴിയാത്ത രഹസ്യമായി നിലകൊള്ളുന്ന ഒന്നാണ് ബർമുഡ ട്രയാങ്കിൾ. അറ്റ്ലാന്റിക് സമുദ്രത്തിൽ നിലകൊള്ളുന്ന ഈ കടലിനെയും ബർമുഡ ട്രയാങ്കിളിനെയും പറ്റി നിരവധി അന്ധവിശ്വാസങ്ങളും കെട്ടുകഥകളും ലോകത്ത് തന്നെ നിലനിൽക്കുന്നു. ശാസ്ത്രം എത്രയേറെ പുരോഗമിച്ചിട്ടും ഇന്നും കടൽ സഞ്ചാരികൾക്കും വിമാനയാത്രക്കാർക്കും പേടിസ്വപ്നമായി നിലകൊള്ളുന്ന താണ് ഈ രാക്ഷസച്ചുഴി. ശാസ്ത്രം ഇത്രയേറെ പുരോഗമിച്ചിട്ടും ഈ മരണച്ചുഴിയുടെ രഹസ്യം മാത്രം ഇന്നും രഹസ്യമായി നിലകൊള്ളുന്നു.

'അമേരിക്ക കണ്ടുപിടിച്ച കൊളംബസാണ് ആദ്യമായി ഈ കടലിന്റെ വന്യത നേരിട്ടറിഞ്ഞത്. 1492 ഒക്ടോബർ 8-ന് ബർമുഡ ട്രയാങ്കിളിന് കുറച്ച് അകലത്തിലൂടെ സഞ്ചരിച്ചപ്പോൾ ദൂരെ തീ ഗോളങ്ങൾ കടലിൽ വീഴുന്നത് കണ്ടതായും തന്റെ വടക്കുനോക്കിയന്ത്രം ദിശനിർണയിക്കാനാവാതെ വട്ടം ചുറ്റിയെന്നും അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങൾ വ്യക്തമായി പറയുന്നുണ്ട്. 1918 മാർച്ചിൽ യു.എസിന്റെ കാർഗോ കപ്പൽ 300 ൽ അധികം ജീവനക്കാരുമായി ട്രയാങ്കിളിൽ അപ്രത്യക്ഷമായതോടെയാണ് ഈ ചുഴികൾ കൂടുതൽ ആളുകളിലേക്ക് ശ്രദ്ധയാകർഷിക്കുന്നത്. 1945ൽ യു.എസ് നേവി ഉദ്യോഗസ്ഥന്മാരെ രക്ഷപ്പെടു ത്താൻ പോയ 27 നേവി ഉദ്യോഗസ്ഥന്മാരെയും അവിടെവച്ച് തന്നെ കാണാതായി. ഇവരുടെ കൂട്ടത്തിലെ ഒരാളായച്ച അവസാന സന്ദേശം ഇന്നും ദുരൂഹമായി തുടരുന്നു.' എല്ലാം വളരെ വിചിത്രമായിരിക്കുന്നു. ഈ കടല് പോലും. ഇതായിരുന്നു ആ സന്ദേശം. അങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത ചുഴി ദുരന്തങ്ങൾ. അവസാനമായി 2015 ഒക്ടോബർ ഒന്നിന് മറ്റൊരു കാർഗോ കപ്പൽ 33 ആളുകളുമായി ബർമുഡ ചുഴി ഭാഗത്തായി അപ്രത്യക്ഷമാകുകയും കുറച്ച് ആഴ്ചകൾക്ക് ശേഷം അതേ കപ്പൽ ആളുകൾ ഇല്ലാത്ത രീതിയിൽ കുടലിൽ ഒഴുകി നടക്കുന്നതായും കണ്ടെത്തുക യുണ്ടായി. ഇരുപതാം നൂറ്റാണ്ടിൽ 500ലധികം പേർക്കാണ് ഇവിടെ ജീവൻ നഷ്ടപ്പെട്ടിരിക്കുന്നത്. എന്നാൽ ഇവരെക്കുറിച്ചും മൃതദേഹങ്ങളെ കുറിച്ചും പിന്നീട് യാതൊരു വിവരവും ലഭിച്ചിട്ടില്ല. ഇതുവരെ ഈ മരണചൂടിയുടെ കുറുകെ കടക്കാൻ ഒരു കപ്പലിനോ വിമാനങ്ങൾക്കോ കഴിഞ്ഞിട്ടില്ല. മീഥെയ്ൻ ഗ്യാസ് കൂടുതലായി ഈ കടൽ ഭാഗങ്ങളിൽ കാണുന്നു.

ഇതാണ് കപ്പലിനെയും വിമാനങ്ങളിലെയും കടലിനടിയിലേക്ക് വലിച്ചുതാഴ്ത്തുന്നത് എന്നാണ് ഒരു പഠന റിപ്പോർട്ട് വെളിപ്പെടുത്തിയത്. പക്ഷേ ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. ആധുനിക ശാസ്ത്രത്തിന്റെ ഒരു പഠനങ്ങളും ഇതുവരെ ബർമുഡ ട്രയാങ്കിളിൽ നേരിട്ട് ഫലിച്ചിട്ടില്ല എന്ന് മാത്രമല്ല ഇവിടുത്തെ കാലാവസ്ഥ പോലും മനസ്സിലാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. അന്യഗ്രഹ ജീവികളാണ് ഇതിനു പിന്നിൽ എന്നാണ് മറ്റൊരു കൂട്ടരുടെ വാദം. അന്യഗ്രഹജീവികൾ ഇതുവഴി പോകുന്ന കുപ്പലുകളും വിമാനങ്ങളും തട്ടിക്കൊണ്ടുപോകുകയാണ് എന്നാണ് അവർ പറയുന്നത്. ബർമുഡ ട്രയാങ്കിളിൽ കാന്തിക ശക്തി കൂടുതലാണെന്നും അത് പലപ്പോഴും വസ്തുക്കളെ കടലിലേക്ക് ആകർഷിക്കുകയാണ് ചെയ്യുന്നതെന്നും ആണ് മറ്റൊരു കൂട്ടരുടെ വിശദീകരണം. ബർമുഡ ട്രയാങ്കിളിന്റെ സത്യം മനസ്സിലാക്കുവാനായി പലരും നടത്തിയ സാഹസിക യാത്രകളിൽ പലതും ദുരന്തത്തിൽ ആണ് കലാശിച്ചിട്ടുള്ളത്. പലരും ഈ ചെകുത്താൻ ത്രികോണ ത്തിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാം ഒളിപ്പിക്കുന്ന കടലാഴങ്ങളിൽ അവരെയും ഈ പ്രപഞ്ചം ഒളിപ്പിച്ചു എന്നതാണ് സത്യം. ഇതൊക്കെ തന്നെയാണ് ഈ വിഷയത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കഥയെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത് '[2] എന്ന് നോവലിസ്റ്റ് നോവലിന്റെ തുടർഭാഗത്ത് പറഞ്ഞുവെക്കുന്നു.

ഭൂമിയിൽ യഥാർത്ഥമായി നിലകൊള്ളുന്ന ഈ ചെകുത്താൻ ത്രികോണത്തെ പ്രമേയമായി സ്വീകരിച്ച് അദ്ദേഹം രചിച്ച ഈ നോവൽ മാജിക്കൽ റിയലിസത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട സാഹിത്യ സംഭാവനകൾക്ക് പുതിയൊരുമുഖം നൽകുന്നു. യാഥാർത്ഥ്യവുമായി കിടനിൽക്കുന്ന നിരവധി ഭാഗങ്ങൾ നോവലിൽ നമുക്ക് വായിച്ചെടുക്കാം.

കടലിലേക്ക് യാത്ര തിരിക്കാനിടയായ തന്റെ ലക്ഷ്യത്തെ പറ്റി റൂബിയോട് സംസാരിക്കുന്ന രഞ്ജിത്ത് അത്തരത്തിലൊരു യാഥാർത്ഥ്യത്തെ നമുക്ക് മുന്നിൽ തുറന്നുകാട്ടുന്നുണ്ട്. "ഞാൻ പറയുന്നത് കേട്ടാൽ ഒരുപക്ഷേ തനിക്ക് വിഡ്ഢിത്തമായി തോന്നിയേക്കും. പക്ഷേ എനിക്കങ്ങനെയല്ല. കുറച്ചുനാൾ മുൻപ് വരെ പ്രധാനപ്പെട്ട വാർത്തകളിൽ ഇടം പിടിച്ചിരുന്ന ഒരു തലക്കെട്ട് നിങ്ങളൊക്കെ മറന്നു കാണും. ഒരു മലേഷ്യൻ വിമാനത്തിന്റെ തിരോധാനം. പക്ഷേ എനിക്കത് അങ്ങനെ വിട്ടു കളയാൻ കഴിയുന്ന ഒന്നല്ല."

"എനിക്ക് ഓർമ്മയുണ്ട്. 200ലധികം യാത്രികരുമായി അപ്രത്യക്ഷമായ വിമാനം ഇതുവരെയും കണ്ടെത്തിയിട്ടില്ലല്ലോ. പക്ഷേ അതുമായി നമ്മുടെ യാത്രയ്ക്ക് എന്താണ് ബന്ധം."

"ബന്ധമുണ്ട്. ആ വിമാനം തിരയാൻ ഭൂമിയിൽ ഇനി ഇടമില്ല. കടലിലും കരയിലും മുഴുവൻ തിരച്ചിൽ നടത്തി. ആർക്കും ഒന്നും കണ്ടെത്താനായില്ല. പക്ഷേ ചിലർ പറഞ്ഞ ചാൻസുകളിൽ ഒരു കാര്യം എന്റെ മനസ്സിനെ വല്ലാതെ അലട്ടിയിരുന്നു. ആ വിമാനം ബർമുഡയുടെ വലയത്തിൽ അകപ്പെട്ടിട്ടുണ്ടാവാം എന്നത്. മനുഷ്യന് ഭൂമിയിൽ ഇതുവരെയും ചെന്നെത്താൻ കഴിയാത്ത ഒരു സ്ഥലമാണത്."[3]

2014ൽ മലേഷ്യൻ വിമാനമായ എംഎച്ച് 370 മലേഷ്യയുടെ തലസ്ഥാനമായ ക്വാലാലംപൂരിൽ നിന്ന് ബെയ്ജിംഗിലേക്കുള്ള യാത്രാമധ്യേ കാണാതായി. ആ വിമാനത്തിൽ ഏകദേശം 239 പേർ ഉണ്ടായിരുന്നു. വിമാനം കണ്ടെത്താൻ മലേഷ്യൻ സർക്കാർ നിരവധി തിരച്ചിൽ നടത്തിയെങ്കിലും ഒന്നും കണ്ടെത്താനായില്ല. കാണാതായി വർഷങ്ങൾ ഇത്ര കഴിഞ്ഞിട്ടും യാതൊരു വിവരവും ലഭിക്കാതെ പോയ ഈ മലേഷ്യൻ വിമാനത്തെ പോലെ യഥാർത്ഥ ജീവിതവുമായി, അഥവാ യാഥാർത്ഥ്യവുമായി അഭേദ്യമായ ബന്ധം പുലർത്തുന്ന നിരവധി സന്ദർഭങ്ങളെ കൂട്ടിച്ചേർത്ത് ഫാന്റസിയും മിത്തും ഇടകലർത്തിയാണ് നോവലിസ്റ്റ് ഈ നോവൽ ശില്പം നിർമ്മിച്ചിരിക്കുന്നത്. വായനയുടെ ഓരോ ഘട്ടത്തിലും വായനക്കാരനെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്ന രീതിയിലാണ് അഖിൽ തന്റെ നോവലിന് രൂപം നൽകിയിരിക്കുന്നത്. സങ്കല്പവും സത്യവും തിരിച്ചറിയാനാകാതെ വായനക്കാരൻ എല്ലാം സത്യമായി വായിച്ചെടുക്കുന്നു. ബർമുഡ ട്രയാങ്കിളിനെ പറ്റിയും അതിൽ മറഞ്ഞിരിക്കുന്ന മർമ്മ ദ്വീപിനെ പറ്റിയും മാതൃക ഭൂമിയെ പറ്റിയും പറഞ്ഞുവെക്കുന്നതിലൂടെ ഭ്രമാത്മകമായ അവസ്ഥയിൽ മനുഷ്യമനസ്സിനെ കൊണ്ടെത്തിക്കുകയും യഥാർത്ഥ ജീവിതത്തെക്കുറിച്ചും അതിന്റെ നശ്വരതയെക്കുറിച്ചും നശ്വരമായ ഈ ഭൂമിയെ കുറിച്ചും പറഞ്ഞുവെക്കുകയുമാണ് എഴുത്തുകാരനിവിടെ നാം ഇന്നോളം കേട്ടിട്ടില്ലാത്ത വേറിട്ട ഒരു കഥാപ്രപഞ്ചത്തിൽ ഭൂമിയുടെ ആയുസ്സിനെ ഗണിച്ചു വച്ചിരിക്കുകയാണ് അദ്ദേഹം. ഇന്നു നാം നേരിടുന്ന പ്രകൃതിക്ഷോഭങ്ങൾ പോലും ഭൂമിയുടെയും മാതൃക ഭൂമിയുടെയും അവസാന നാളുകളെയും ലോകാവസാനത്തെയും കുറിക്കുന്നതാണോ എന്നുപോലും തോന്നി പ്പിക്കുമാറാണ് നോവലിലെ ഓരോ സന്ദർഭത്തെയും അദ്ദേഹം കൂട്ടിച്ചേർത്തി രിക്കുന്നത്.

അതിനാൽ തന്നെ യാഥാർത്ഥ്യവും ഫാന്റസിയും തമ്മിലുള്ള ഇഴുകിച്ചേരലാണ് ഈ നോവൽ എന്ന് നമുക്ക് തീർത്തു പറയാം. മാജിക്കൽ റിയലിസത്തിന്റെ പ്രത്യേകതയും ഈ ഇഴുകിച്ചേരൽ തന്നെയാണ്. ലോകത്തിന്റെ യാഥാർത്ഥ്യത്തെ വരച്ചുകാട്ടുന്നതിനൊപ്പം മാന്ത്രികഘടകങ്ങൾ കൂടി ചേർന്നു നിൽക്കുന്ന ഒരു ഫിക്ഷൻ സാഹിത്യരൂപമാണ് മാജിക്കൽ റിയലിസം.

## കുറിപ്പുകൾ

1. കൃഷ്ണൻ നായർ എം, മാജിക്കൽ റിയലിസം, പു.1
2. അഖിൽ പി ധർമ്മജൻ, മെർക്കുറി ഐലന്റ്റ് : ലോകാവസാനം, പു.9
3. അഖിൽ പി ധർമ്മജൻ, മെർക്കുറി ഐലന്റ് : ലോകാവസാനം, പു.95

## സഹായക ഗ്രന്ഥങ്ങൾ


1. കൃഷ്ണൻ നായർ എം, മാജിക്കൽ റിയലിസം, പ്രഭാത് ബുക്സ്, തിരുവനന്തപുരം
2. അഖിൽ പി ധർമ്മജൻ, മെർക്കുറി ഐലന്റ്. ലോകാവസാനം, കഥ പബ്ലിക്കേഷൻസ്, ആലപ്പുഴ
3. പരമേശ്വരപിള്ള, എരുമേലി,മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശൂർ
4. Abraham M. H. A Glossary of Literary Terms, The Macmillan Company Of Ltd, Delhi.